**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3916** **09-10-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ആധുനിക ഫിഷ് മാർക്കറ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം നിർമ്മിക്കുന്ന ആധുനിക ഫിഷ് മാർക്കറ്റിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വാമനപുരം മണ്ഡലത്തിൽ കിഫ്‌ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം നിർമ്മിക്കുന്ന വാമനപുരം മത്സ്യ മാർക്കറ്റ് രണ്ട് നിലകളിലായിട്ടാണ് രൂപകല്പന ചെയ്തിരിക്കുന്നത്. പ്രസ്തുത മാർക്കറ്റിൽ 27 മത്സ്യസ്റ്റാളുകൾ, 14 കടമുറികൾ, ഹെൽത്ത് ഓഫീസ് മുറി, 2 സ്റ്റോർ മുറികൾ, ചിൽ റൂം, സ്ത്രീകൾക്കും പുരുഷൻമാർക്കും ടോയ്‌ലറ്റ് ബ്ലോക്കുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി എന്താണെന്നും പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ? | (ബി) | നിലവിലെ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 12 മാസക്കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ